ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 28.11.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ലഖ്നൗ സന്ദർശനം ഇന്ന്. ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ വജ്ര ജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുക്കും.
   **President Droupadi Murmu will visit Lucknow today. The President will participate in the closing ceremony of the diamond jubilee celebrations of Bharat Scouts and Guides.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കർണാടകയും ഗോവയും സന്ദർശിക്കും.
   **Prime Minister Narendra Modi will visit Karnataka and Goa today.**

3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി 50 കോടി 59 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം.
   **The Election Commission of India informed that as part of the Special Intensive Revision (SIR) of electoral roll, 50 crore 59 lakh enumeration forms have been distributed. Local body election campaigning intensifies in Kerala.**

4. പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റുകളുടെ വിതരണവും സമയബന്ധിമായി നടപ്പാക്കുന്നത് ഉറപ്പുവരുത്താൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി യു ജി സി.
   **University Grants Commission, UGC has asked the Higher Education Institutions to ensure timely exams and prompt issuance of final degrees and certificates.**

5. 56-ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരശ്ശീല വീഴും. സമാപനത്തിൽ വിഖ്യാത നടൻ ധർമേന്ദ്രയ്ക്ക് ശ്രദ്ധാഞ്ജലി.

**The 56th International Film Festival of India (IFFI) 2025 will conclude today in Goa with a grand closing ceremony, paying tribute to the legendary actor Dharmendra.**

6. ശ്രീലങ്കൻ തീരത്തോട് ചേർന്ന് രൂപം കൊണ്ട ഡിറ്റ്‌വ ചുഴലിക്കാറ്റ് വടക്ക് പടിഞ്ഞാറൻ ഭാഗത്തേക്ക് നീങ്ങുന്നു. കേരളത്തിൽ നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്..

**Cyclonic Storm Ditwah formed near Sri Lankan coast is moving towards northwest. Yellow alert in four districts of Kerala. Fishing ban along the Kerala–Lakshadweep coasts.**

☸☸☸☸☸☸☸☸☸☸☸☸☸

## PRESIDENT LUCKNOW

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ലഖ്നൗ സന്ദർശിക്കും. 'ലോക ഐക്യത്തിന്റെയും വിശ്വാസത്തിന്റെയും ധ്യാനം' എന്ന ആശയത്തെ അടിസ്ഥാമാക്കി സംഘടിപ്പിക്കുന്ന ബ്രഹ്മകുമാരിസിന്റെ പരിപാടിയുടെ ഉദ്ഘാടനച്ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ വജ്ര ജൂബിലി ആഘോഷങ്ങളെ ശ്രീമതി മുർമു അഭിസംബോധന ചെയ്യും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 33,000 ത്തോളം സ്കൗട്ട്സ് ആന്റ് ഗൈഡ്സ് അംഗങ്ങളും മാലദീവ്സ്, നേപ്പാൾ, ശ്രീലങ്ക, സൗദി അറേബ്യ എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്ന എഷ്യ - പസഫിക് മേഖലയിലെ പ്രതിനിധികളും പങ്കെടുക്കും.

*********************

## PM VISIT- KARNATAKA AND GOA

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കർണാടക, ഗോവ സന്ദർശനം ഇന്ന് ആരംഭിക്കും. ഉഡുപ്പിയിലെ ശ്രീകൃഷ്ണ മഠം സന്ദർശിക്കുന്ന ശ്രീ നരേന്ദ്ര മോദി ലക്ഷ കാന്ത ഗീതാപാരായണ പരിപാടിയിൽ പങ്കെടുക്കും. ക്ഷേത്രസന്നിധിയിലെ സുവർണ്ണ തീർത്ഥ മണ്ഡപം ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം കനക കവചം സമർപ്പിക്കുകയും ചെയ്യും. ഗോവയിലെ ശ്രീസംസ്ഥാൻ ഗോകർൺ പാർതഗലി ജീവോത്തം മഠത്തിന്റെ വാർഷികാഘോഷത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും.

********************

## EC-SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാംഘട്ടത്തിന്റെ ഭാഗമായി 50 കോടി 59 ലക്ഷം എന്യൂമറേഷൻ ഫോമുകൾ ഇതിനകം കൈമാറിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ ഘട്ടത്തിൽ ഉൾപ്പെട്ട മൊത്തം വോട്ടർമാരുടെ 99.25 ശതമാനത്തിനും ഫോം ലഭ്യമാക്കിയിട്ടുണ്ട്. കേരളം ഉൾപ്പെടെ 9 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് എസ്.ഐ.ഐർ രണ്ടാം ഘട്ടം നടപ്പാക്കുന്നത്.

********************

## SC-DISABLE

ഭിന്നശേഷിക്കാർക്ക് നേരെയുണ്ടാകുന്ന അധിക്ഷേപകരമായ പരാമർശങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിന് നിർദ്ദേശം നൽകി സുപ്രീംകോടതി. അധിക്ഷേപങ്ങൾ ശിക്ഷാർഹമായ കുറ്റകൃത്യങ്ങളാക്കുന്ന വിധത്തിൽ നിയമനിർമാണം നടത്തണമെന്നും കോടതി നിർദ്ദേശിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ അശ്ലീലവും, നിയമവിരുദ്ധവുമായ ഉള്ളടക്കങ്ങൾ നിയന്ത്രിക്കാൻ സ്വതന്ത്രമായ സ്വയംഭരണ സംവിധാനം രൂപീകരിക്കണമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബഞ്ച് വ്യക്തമാക്കി.

********************

## PM NUCLEAR (INTRO)

രാജ്യത്തെ ആണവ മേഖല സ്വകാര്യ കമ്പനികൾക്കായി തുറന്നുകൊടുക്കുന്ന തീരുമാനം കേന്ദ്ര സർക്കാർ ഉടൻ കൈക്കൊള്ളുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഹൈദരാബാദിലെ ഇന്ത്യൻ ബഹിരാകാശ സ്റ്റാർട്ടപ്പ് സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി കാമ്പസ് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബഹിരാകാശ മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങൾ കടന്നു വന്നത് പോലെ, ഈ തീരുമാനം ആണവ മേഖലയ്ക്കും ഗുണകരമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

********************

## UGC-TIMELY EXAMS

പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റുകളുടെ വിതരണവും സമയബന്ധിമായി നടപ്പാക്കുന്നത് ഉറപ്പുവരുത്താൻ രാജ്യത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദേശം നൽകി യു ജി സി. കാലതാമസം വിദ്യാർത്ഥികൾക്ക് നിരവധി അവസരങ്ങൾ നഷ്ടപ്പെടുന്നതിന് കാരണമാകുന്നതായി കമ്മീഷൻ വിലയിരുത്തി. പരീക്ഷാഫലം പ്രഖ്യാപിച്ച ശേഷം 180 ദിവസങ്ങൾക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതാണെന്നും നിർദേശം നൽകിയിട്ടുണ്ട്.

********************

## ASHWINI VAISHNAW (INTRO)

ട്രെയിനുകളിൽ നൽകുന്ന ഭക്ഷണത്തിന് ഹലാൽ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്ന ഒരു മാർഗ്ഗനിർദ്ദേശവും

പുറത്തിറക്കിയിട്ടില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ട്രെയിനുകളിലെ ഹലാൽ ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട പരാതിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ റെയിൽവേയ്ക്ക് നോട്ടീസ് നൽകിയതായി ചില മാധ്യമ റിപ്പോർട്ടുകൾ വന്നിരുന്നു. ഇതിനെ സംബന്ധിച്ച് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ശ്രീ അശ്വിനി വൈഷണവ്.

(ഹോൾഡ് വോയിസ്)

********************

## ASSAM-POLIGAMY BILL

ബഹുഭാര്യത്വത്തിനെതിരെ നിയമം പാസ്സാക്കി അസം നിയമസഭ. ആദ്യ വിവാഹം നിയമപരമായി വേർപിരിയാതെ രണ്ടാം വിവാഹത്തിൽ ഏർപ്പെടുന്നത് കുറ്റകരമാക്കുന്നതാണ് പുതിയ നിയമം. ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുന്ന അസ്സമിലെ ഗോത്രവർഗ്ഗ മേഖലകൾക്ക് നിയമം ബാധകമല്ല.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' മറ്റന്നാൾ രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും, നരേന്ദ്ര മോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഇന്നുകൂടി സമർപ്പിക്കാം.

********************

## NAVY DAY-PRESIDENT KERALA

രാഷ്ട്രപതി ദ്രൗപദി മുർമു ഡിസംബർ മൂന്നിന് തിരുവനന്തപുരത്തെത്തും. നാവികസേന ദിനത്തോട് അനുബന്ധിച്ച് ശംഖുമുഖം ബീച്ചിൽ നടക്കുന്ന ആഘോഷ പരിപാടിയിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി ആതിഥേയത്വം വഹിക്കുന്ന പരിപാടിയിൽ നാവികസേനയുടെ പോരാട്ട വീര്യം പ്രദർശിപ്പിക്കുന്ന അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാളെയും ഡിസംബർ ഒന്നിനും ശംഖുമുഖം ബീച്ചിൽ പരിപാടിയുടെ ഫുൾ ഡ്രസ് റിഹേഴ്സൽ നടക്കും. അന്നേ ദിവസം രാജ്ഭവനിൽ തങ്ങിയ ശേഷം ഡിസംബർ നാലിന് രാവിലെ രാഷ്ട്രപതി ഡൽഹിക്ക് മടങ്ങും.

********************

## NAVY DAY - TVM (INTRO)

നാവികസേനാ ദിനത്തോട് അനുബന്ധിച്ചുള്ള - പ്രദർശനത്തിനുള്ള ഒരുക്കങ്ങൾ തിരുവനന്തപുരത്ത് പുരോഗമിക്കുകയാണ്.

**ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

********************

## ELECTION CAMPAIGN

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. സ്ഥാനാർത്ഥികൾ വോട്ടർമാരെ നേരിൽ കണ്ടുള്ള പ്രചാരണത്തിലാണ്. വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്നുള്ള മുതിർന്ന നേതാക്കളും സ്ഥാനാർത്ഥികൾക്കായി പ്രചാരണ രംഗത്ത് സജീവമാണ്. വോട്ടെടുപ്പിനായി മുപ്പത്തി മൂവായിരത്തി എഴുന്നൂറ്റി പതിനൊന്ന്

പോളിംഗ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് സജ്ജമാക്കുന്നത്. ഡിസംബർ 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 നു നടക്കും.

********************

## VISUALLY IMPAIRED

കാഴ്ച പരിമിതിയുള്ള വോട്ടർമാർക്ക് തദ്ദേശ തിരഞ്ഞെടുപ്പിൽ സ്വയം വോട്ട് രേഖപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ബാലറ്റ് യൂണിറ്റിന്റെ വലതു വശത്തു ബ്രെയിലി ലിപി ആലേഖനം ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. കാഴ്ച പരിമിതിയുള്ളവരും ശാരീരിക അവശതയുള്ളവരും രോഗബാധിതരും പ്രായമായവരുമായ വോട്ടർമാർക്ക് ക്യൂ ഇല്ലാതെ തന്നെ പോളിംഗ് സ്റ്റേഷനിൽ പ്രവേശിച്ച് വോട്ടുരേഖപ്പെടുത്തുന്നതിന് പ്രത്യേക സൗകര്യം ഏർപ്പെടുത്താനും കമ്മീഷൻ നിർദ്ദേശം നൽകി.

********************

## KERALA - RAIN

കേരളത്തിൽ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലാണ് ഇന്ന് മഞ്ഞ ജാഗ്രത. ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

********************

## TN - CYCLONE DITWAH

ശ്രീലങ്കൻ തീരത്തും ചേർന്നുള്ള തെക്ക് - പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും രൂപം കൊണ്ട ഡിറ്റ്‌വ ചുഴലിക്കാറ്റ് മണിക്കൂറിൽ 13 കിലോമീറ്റർ വേഗതയിൽ വടക്ക് പടിഞ്ഞാറൻ ഭാഗത്തേക്ക് നീങ്ങുന്നു. ചുഴലിക്കാറ്റ് വടക്കൻ തമിഴ്നാടിലേക്കും അതിനോട്

ചേർന്നുള്ള തെക്കൻ ആന്ധ്രാ തീരങ്ങളിലേക്കും നീങ്ങാനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കടലിലുള്ളവർ ഡിസംബർ ഒന്നുവരെ തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, മാന്നാർ ഉൾക്കടൽ, കൊമോറിൻ പ്രദേശം എന്നിവ ഒഴിവാക്കണമെന്നും അധികൃതർ അറിയിച്ചു.

********************

## IFFI

56- ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരശീല വീഴും. സമാപന ചടങ്ങിൽ വിഖ്യാത നടൻ ധർമേന്ദ്രയ്ക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കും. ലോകരാജ്യങ്ങളിൽ നിന്നുള്ള നിരവധി ചിത്രങ്ങളും, മലയാളമടക്കമുള്ള ഇന്ത്യൻ ഭാഷകളിലെ ചിത്രങ്ങളും മേളയിൽ പ്രേക്ഷകശ്രദ്ധ നേടുകയാണ്. ഈ മാസം 20 ന് ആരംഭിച്ച ചലച്ചിത്ര മേളയിൽ 81 രാജ്യങ്ങളിൽ നിന്ന് 240 ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

*

********

********************************